കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# മാവൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി3 /71/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012
തീയതി: 27-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാവൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാനഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി3 /71/2017 തീയതി: 27-01-2017.

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16

സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ .കെ.കെ. സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 27.12.2016 മുതൽ 07.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ഷൈന എ കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ധീരജ് ജെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. നിമ്മി.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ദേവാനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീമതി.ദീപ പുലിയപ്പുറം | 01.04.2015 മുതൽ 30.10..2015 വരെ |
| | | | ശ്രീ.മുനീറത്ത് സി | 12.11.2015. മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | | ശ്രീ.പി.എസ് സാദിക് മഹദൂം | 01.04.2015 മുതൽ 21.07.2015 വരെ |
| | | | ശ്രീ.എം എ റഷീദ് | 22.07.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | | ശ്രീ സനൽകുമാർ | 01.04.2015 മുതൽ31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീമതി. ബിസിനി .എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി ഇ ഒ | | | ശ്രീ.ലിനീഷ് | 01.04.2015 മുതൽ 31.08.2015 വരെ |
| | | | ശ്രീമതി ബിജി | 01.04.2015 മുതൽ 31.03.2016 വരെ |
| | | | ശ്രീ.സുനിൽ രാജ് വി.ബി | 16.11.2015 മുതൽ31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | | | ശ്രീ.എം.മധു | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | | | ഡോ.ബിന്ദു വി കെ | 01.04.2015മുതൽ 07.07.2015 വരെ |
| | | | ഡോ.ടെസ്റ്റി മെറിൻ | 08.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | | | ഡോ.ഗ്രേസി പി | 01.04.2015 മുതൽ 12.05.2015 വരെ |
| | | | ഡോ.സജീവ് സി കെ | 13.05.2015 മുതൽ 31.08.2015 വരെ |
| | | | ഡോ.ആനി ടി എ | 01.09.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | | | അനിതാ ഭായ് | 01.04.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പി പി കോമളവല്ലി | 01.04.2015മുതൽ 18.06.2015 വരെ |
| | ശ്രീമതി.എം എ ജയശ്രീ | 19.06.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.മനോജ് ലാൽ | 01.04.2015 മുതൽ 17.08.2015 വരെ<br>25.11.2015 മുതൽ 26.12.2015 വരെ |
| | ഡോ.സിന്ധു | 18.08.2015 മുതൽ 24.11.2015 വരെ |
| | ഡോ.ദീപ ജേക്കബ് | 27.12.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| | ഡി ആന്റ് ഒ ലൈസൻസ് -പൊതു അപാകതകൾ | 2-2 |
| 12 | വാടക കുടിശ്ശികയാവുന്നു. | 2-3 |
| 13 | പാര മെഡിക്കൽ സ്ഥാപനങ്ങൾ എല്ലാം രജിസ്റ്റർ ചെയ്യപ്പെടുന്നില്ല | 2-4 |
| 14 | പഞ്ചായത്ത് പരിധിയിലെ ബിസിനസ്സുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കികാണുന്നില്ല. | 2-5 |

| ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
|---|---|---|
| 15 | റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ തുക നൽകി | 3-1 |
| 16 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നു | 3-2 |
| 17 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫർണിച്ചറുകൾക്ക് അധിക തുക ചെലവഴിച്ചു | 3-3 |
| 18 | ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-4 |
| 19 | റിസർവ് പൂൾ അദ്ധ്യാപക നിയമനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 20 | വാങ്ങിയ സൈക്കിളുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തില്ല. | 3-6 |
| 21 | ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 3-7 |
| 22 | പത്ര പരസ്യത്തിന് നിരക്ക് അനുവദിച്ചത് ക്രമത്തിലല്ല | 3-8 |
| 23 | കരാറിൽ ഏർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് നൽകി, പ്രവൃത്തി പൂർത്തിയായില്ല | 3-9 |
| 24 | ഐ.കെ .എം പ്രവർത്തനം കാര്യക്ഷമമല്ല | 3-10 |
| 25 | പെയിൻ & പാലിയേറ്റീവ് പദ്ധതി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-11 |
| 26 | അനുപൂരക പോഷകാഹാര പദ്ധതി -പൊതു അപാകതകൾ | 3-12 |
| 27 | മൃഗസംരക്ഷണം -ഉദ്പാദന മേഖലാ വികസനത്തിന് പ്രാധാന്യം നൽകുന്നില്ല. | 3-13 |
| 28 | അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച. | 3-14 |
| 29 | വാർധക്യ പെൻഷൻ -അപാകതകൾ | 3-15 |
| 30 | ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 3-16 |
| 31 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 3-17 |

| | | |
|---|---|---|
| | | |
| 37 | ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിയതിലെ പോരായ്മകൾ സംബന്ധിച്ച്. | 3-18 |
| 38 | തെരുവു വിളക്കുകളുടെ പരിപാലനം-തുക അടവാക്കുന്നതിലെ പോരായ്മകൾ-സംബന്ധിച്ച് | 3-19 |
| 39 | ഐ.എ.വൈ വിഹിതം -വിനിയോഗം സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-20 |
| 40 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം | 3-21 |
| 41 | ലൈസൻസില്ലാതെ സ്കൂട്ടർ വിതരണം | 3-22 |
| 42 | ഭവന നിർമ്മാണ പദ്ധതികളിൽ പണി നടക്കാതെ മുടങ്ങിക്കിടക്കുന്നവ സംബന്ധിച്ച്. | 3-23 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 24.03.2015 തിയതിയിലെ 14 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.2016 | --- | ---- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 04.01.2017 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31026732.81 |
| വരവ് | 37017932 |
| ആകെ | 68044664.81 |
| ചെലവ് | 63560791 |
| നീക്കിയിരിപ്പ് | 4483873.81 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റഡ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കാറ്റഗറി ഡി,എഫ് | 9121557.81 | 15260639 | 24382196.81 | 18406362 | 0 | 5975834.81 |
| വികസനഫണ്ട് പൊതുവിഭാഗം | 6031870 | 11689789 | 17721659 | 1114611 | (-)6575548 | 0 |
| വികസനഫണ്ട് എസ്.സി.പി. | 5925966 | 4842010 | 10767976 | 6152010 | -4615966 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2979000 | 1969371 | 4948371 | 1969371 | -2979000 | 0 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3642904 | 4418515 | 8061419 | 4485672 | -3575747 | 0 |
| ബി ഫണ്ട് | 0 | 32926110 | 32926110 | 32926110 | 0 | 0 |
| സി ഫണ്ട് നോൺ റോഡ് | 1589853 | 1962960 | | 3017059 | -535754 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സി ഫണ്ട് റോഡ് | 1546592 | 3724504 | | 5806850 | +535754 | 0 |
| കാറ്റഗറി ഇ | 1758675 | 25092408 | 26851083 | 26664046 | 0 | 187037 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | | 137 | | 17 | 37 | 65% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | 3433271 | 2396921 |
| നികുതിയേതര വരവുകൾ | 3531171 | 1121794 |
| മറ്റുവരവുകൾ | 1078912 | 80300 |
| ആകെ | 8043359 | 3598965 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 642480 | 389 |
| കർഷകതൊഴിലാളി പെൻഷൻ | 5885160 | 603 |
| വിധവാപെൻഷൻ | 13857680 | 1359 |
| വാർദ്ധക്യകാലപെൻഷൻ | 7520640 | 1292 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3687390 | 347 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 887760 | 85 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9507/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2016-23.06.2016 | 12/2015-05/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.02.2016-24.02.2016 | 2010-11-2014-15 | 23.03.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2015-16 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന VAT, IT, KWWF എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തൻവർഷത്തെ സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

3. പഞ്ചായത്ത് രൂപീകരണം മുതൽക്കുള്ള ആസ്തികളുടെ മൂല്യം അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

## 2-2 ഡി ആന്റ് ഒ ലൈസൻസ് -പൊതു അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ,പട്ടിക 2,3,4 പ്രകാരം വിറ്റുവരവിനെ അല്ലെങ്കിൽ യന്ത്രത്തിന്റെ കുതിരശക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്.എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല.വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ അഞ്ച് ശതമാനം ഒരു ദിവസത്തെ വിറ്റു വരവായി കണക്കാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടിയും സ്വീകരിച്ചു കാണുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | കെട്ടിട നമ്പർ | കച്ചവടം |
|---|---|---|---|
| 1 | അബ്ദുൾ ഗഫൂർ | 13/383,384,385,386 | ടി വി,ഫ്രിഡ്ജ് |
| 2 | സുജിത് പി പി | 13/32ഡി | പോളിത്തീൻ ഷീറ്റ് |
| 3 | ഹർഷാദ് പി | 13/94ഡി | വെജിറ്റബിൾ & ഫ്രൂട്ട് എക്സ്പോർട്ട് |
| 4 | സുരേഷ് കെ പി | 18/409 | ഓട്ടോ ഇലക്ട്രിക്കൽസ് |
| 5 | പി വ് ചന്ദ്രൻ | 10/98 | പെട്രോൾ പമ്പ് |

കൂടാതെ പെട്രോൾ പമ്പ് നടത്തുന്ന ശ്രീ എ പി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റുവരവ് 1,00,000/- രൂപയാണ്,ചട്ടപ്രകാരം ഈടാക്കേണ്ടത് 2,000/- രൂപയാണെങ്കിലും 1,000/- രൂപ മാത്രമാണ് പ്രസ്തുത വർഷം ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയത്(റസീപ്റ്റ് നം.9164/66 തീയതി-02.03.2016)

അപേക്ഷകൾ അപൂർണ്ണമായി സ്വീകരിക്കുന്നതിനും ,ലൈസൻസ് ചുമത്തുന്നതിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ കൂടാതെ എങ്ങനെയാണ് ലൈസൻസ് ചുമത്തിയതെന്നും വ്യക്തത വരുത്താനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.കുറവായി ഈടാക്കിയ ലൈസൻസ് ഫീ കൃത്യമായി ഈടാക്കേണ്ടതും ലൈസൻസിനുള്ള അപേക്ഷ പൂർണ്ണമായി സ്വീകരിച്ച് കൃത്യമായ ഫീസ് ഈടാക്കേണ്ടതുമാണ്.

## 2-3 വാടക കുടിശ്ശികയാവുന്നു

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ 9-ത് നമ്പർ മുറി 2015 ഏപ്രിൽ 1 മുതൽ മൂസ,കൂടംകുഴയിൽ ഹൗസ്,നായർകുഴി എന്നയാൾക്ക് വാടക അടിസ്ഥാനത്തിൽ ഒരു കൊല്ലത്തേക്ക് കൈവശം വെക്കാനുള്ള അവകാശം നൽകിയിട്ടുള്ളതാണ്. 2016 -17 വർഷത്തിൽ പഞ്ചായത്ത് കരാർ പുതുക്കിയിട്ടില്ല. എന്നാൽ മുറി നിലവിൽ ഇദ്ദേഹത്തിന്റെ കൈവശം തന്നെയാണ് ഉള്ളത്. 2016 ഏപ്രിൽ 1 മുതൽ വാടക(1338/-രൂപ) അടച്ചിട്ടില്ല. 2016-17 വർഷത്തിൽ 1338x10=13,380/- രൂപ കുടിശ്ശികയായിരിക്കുകയാണ്.28.11.2016 ലെ ബി3-10169/16 കത്ത് പ്രകാരം ഏപ്രിൽ മുതൽ നവമ്പർ വരെയുള്ള തുക അടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വാടക ഈടാക്കാനും വാടകക്കാരനുമായി കരാർ വെക്കുന്നതിനുമുള്ള നടപടികൾ പെട്ടന്നു തന്നെ സ്വീകരിക്കേണ്ടതാണ്.

## 2-4 പാര മെഡിക്കൽ സ്ഥാപനങ്ങൾ എല്ലാം റജിസ്റ്റർ ചെയ്യപ്പെട്ടുന്നില്ല

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും , സ്വകാര്യ പാര മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ 1997, ചട്ടം(3)പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഈ ചട്ടപ്രകാരം മുൻകൂട്ടി

രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും , പാരമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. 3(6)പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ ചേർക്കേണ്ടതും അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ രജിസ്റ്റർ ചെയ്തതായി കണക്കാക്കേണ്ടതുമാണ്. (സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകണം),5(1)പ്രകാരം ആയത് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ എല്ലാ പാരമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടന്നതായി കാണുന്നില്ല.

ഉദാഹരണത്തിന്,10/531 A,B,C,D കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സൂര്യ കിരൺ ഐ ക്ലിനിക്

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഇതുപോലെ വിട്ടുപോയ മറ്റു പാരമെഡിക്കൽ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആയതു കൂടി കണ്ടെത്തി ചട്ടപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2-5 പഞ്ചായത്ത് പരിധിയിലെ ബിസിനസ്സുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കികാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1)(ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ മുതൽമുടക്കുകളിൽ നിന്നും ഏതെങ്കിലും തരത്തിൽ ആദായം ലഭിച്ചുകൊണ്ടിരിക്കുന്നവർ തൊഴിൽനികുതി അടവാക്കുവാൻ ബാദ്ധ്യസ്ഥരാണ്.

മാവൂർ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ ചുറ്റളവിൽ മാത്രംനിരവധിവ്യാപാരസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. പ്രസ്തുത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട /ഭൂമി ഉടമകളിൽ നിന്ന് ബിസിനസ്സ് വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കികാണുന്നില്ല. പഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ കെട്ടിടങ്ങൾ നിർമ്മിച്ച് അവയിൽ നിന്ന് വ്യാപാരത്തിന് നൽകി വരുമാനം ലഭിക്കുന്ന കെട്ടിട/ഭൂമി ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്. കെട്ടിട ഭൂമി ഉടമകൾ വ്യാപാരത്തിന് നൽകിയ പ്രസ്തുത കെട്ടിടമുറികൾക്ക് പഞ്ചായത്തിൽ കെട്ടിടനികുതി അടവാക്കിയതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ, പുതിയത് (പഴയത്) | കെട്ടിട സമുച്ചയത്തിന്റെ ഉടമകളുടെ പേര് | പഞ്ചായത്തിൽ അടക്കുന്ന കെട്ടിട നികുതി |
|---|---|---|
| 12/103 A -F (10/99B-G) | ആലിക്കുട്ടി ,ബിച്ചിപ്പാത്തു | 3729/-( പഴയ നികുതി നിരക്ക്) |

| | | |
|---|---|---|
| 13/639 C-F(10/388C -F) | അബ്ദുള്ള,അബ്ദുറഹിമാൻ,മൂസ്സക്കോയ വൻകണക്കൻ | 5672/-(1418 വീതം) |
| 13(10/417A-J) | പാത്തുമ്മ,അബ്ദുറഹിമാൻ,കദീജ,ആലിക്കുട്ടി, മുഹമ്മദലി പുൽക്കണ്ടി | 24213/- |
| (10/418/A-J) | പാത്തുമ്മ,അബ്ദുറഹിമാൻ,കദീജ,ആലിക്കുട്ടി, മുഹമ്മദലി പുൽക്കണ്ടി | 27814/- |
| (10/419 A-L) | പാത്തുമ്മ,അബ്ദുറഹിമാൻ,കദീജ,ആലിക്കുട്ടി, മുഹമ്മദലി പുൽക്കണ്ടി | 34482/- |
| 12/242A-O(10/191A-O) | ഹംസ.എം.പി,മതിലകത്ത്പറമ്പ് | 29231/- |
| 12/243A-Q(10/192A-Q) | ഹംസ.എം.പി,മതിലകത്ത്പറമ്പ് | 34472/- |
| 12/644D-J(10/1058P-V) | ശ്യാമള,എളമ്പ്ര | 5372/- |
| 12/506A-F(10/960A-F) | ഷംസുദ്ദീൻ,കോയക്കുട്ടി,അബ്ബാസ്,സൈനബ | 2719/- |

മേൽപ്പറഞ്ഞ വിഭാഗത്തിലുള്ളവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ വലിയ തുക പഞ്ചായത്തിന് തനത് വരുമാനത്തിൽ കുറവ് വരുന്നതാണ്. മേൽക്കാണിച്ച അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1. റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ തുക നൽകി

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡെൽഹി ഷെഡ്യൂൾ നിരക്ക് ആണ് ബാധകമാക്കിയിട്ടുള്ളത് (DSR) . CPWD കോഡ് 16-30-1 (ടാക്ക്കോട്ട് for new road) , കോഡ് 16-30-2 (ടാക്ക്കോട്ട് for re-tarring),കോഡ് 16-32-2 (പ്രീമിക്സ് ചിപ്പിംഗ് കാർപ്പറ്റ്) കോഡ് 16-41 (സീൽകോട്ട്),pot hole filling (OD)എന്നീ ഇനം പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നരക്കിനേക്കാൾ (DSR) കുറവായതിനാൽ പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. VG-30 ഗ്രേഡ് ബിറ്റുമിന് ഡി.എസ്.ആർ നിരക്കായ ഒരു ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയുമാണ് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതി: 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടാറിന്റെ വില പൊതുവിപണിയിൽ വർദ്ധിച്ചാൽ മാത്രമല്ല കുറഞ്ഞാലും ഈ ഉത്തരവ് ബാധകമാണ്. കൂടാതെ മരാമത്ത് പ്രവൃത്തികൾ ടെൻഡർ/കമ്മിറ്റികൾക്ക് എൽപ്പിച്ച് നൽകുമ്പോൾ ഇക്കാര്യം കരാറിൽ വ്യക്തമാക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ ടാർ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് വൻതുക അധികം തുക നൽകേണ്ടി വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ അടങ്കൽ/കൺവീനർ, കരാറുകാരൻ/ ബിൽ നമ്പർ/ തിയ്യതി/തുക/ കരാർ/ടെണ്ടർ തീയതി, ടി.എസ് | എം-ബുക്ക് പ്രകാര മുള്ള ആഡീക്വസി പ്രകാരം വിനിയോഗിച്ച ബിറ്റുമിൻ | അനുവദിച്ച തുക (കോസ്റ്റ് ഇൻഡക്സ് 1.381) | അർഹതയുള്ള തുക (കരാർ,ടെണ്ടർ തിയ്യതിയിലെ മാർക്കറ്റ് റേറ്റ് നികുതി ഉൾപ്പെടെ കോസ്റ്റ് ഇൻഡക്സ് ഇല്ല) | അധികം |
|---|---|---|---|---|---|
| 1 | എസ്.ഒ.12/15-16- തേനപറമ്പിൽ പൈപ്പ് ലൈൻ റോഡ് റീ ടാറിങ്ങ് അടങ്കൽ- 500000<br>കൺവീനർ-അലി.ടി.പി<br>കരാർ-19/15-16/7-1-16<br>ബിൽ നം-35/15-16 125590 തീയതി:29.2.16<br>ബിൽ നം-52/15-16 - 374410 തീയതി:16.3.16<br>TS-AEE/KBP | എം-ബുക്ക്-111/15-16<br>പേജ് -110<br>3892.27 kg<br>=3.892 ടൺ | 3.892 X X41000 1.381 =220369 | 3.892 x37286(35510+5%tax 1776)<br>=145117 | 75252 |

| | | | | | |
|---|---|---|---|---|---|
| | /388/15-16/ 4-8-15 | | | | |
| 2 | എസ്.ഓ.19/15-16- മണ്കാട് മലപ്രം റോഡ് റീ ടാറിങ്ങ് അടങ്കൽ- 300000<br>കൺവീനർ-ബാബുരാജൻ<br>കരാർ-17/15-16/7-1-16<br>ബിൽ നം-44/ 15-16 - 300000 തീയതി:6.3.16<br>TS-AEE/KBP /390/15-16/4-8-15 | എം-ബുക്ക്- 142/15-16<br>പേജ് -20<br>2308.68 kg<br>=2.308 ടൺ | 2.308 X X41000<br>1.381<br>=130681 | 2.308x 37286<br>(35510+<br>5%tax 1776)<br>=86056 | 44625 |
| 3 | എസ്.ഓ.11/15-16- പള്ളിയോൾ വാവാട്ടുപാറ റോഡ് റീ ടാറിങ്ങ് അടങ്കൽ- 350000 കൺ-വീനർ-ബാലകൃഷ്ണൻനായർ<br>കരാർ-12/15-16 /10-11-15<br>ബിൽ നം-41/ 15-16 350000 തീയതി:16.3.16<br>TS-AEE/KBP /644/15-16/31-8-15 | എം-ബുക്ക്- 158/15-16<br>പേജ് -35,36<br>1348.06 kg<br>=1.348 ടൺ | 1.348 X X41000<br>1.381<br>=76325 | 1.348 x33120<br>(31543+<br>5%tax 1577)<br>=44645 | 31680 |
| 4 | എസ്.ഓ.15/15-16- മാവൂർ ഏഴുനിലം കമ്പളം റോഡ് റീ ടാറിങ്ങ് അടങ്കൽ- 150000 കരാറുകാരൻ-ബി.സനിൽ ടെണ്ടർ തിയ്യതി- 15-09-15 | എം-ബുക്ക്- 115/15-16<br>പേജ് -15<br>1066.62 kg<br>=1.0667 ടൺ | 1.0667 X X41000<br>1.381<br>=60398 | 1.0667 x32844<br>(31280+<br>5%tax 1564)<br>=35035 | 25363 |

| | | | | | |
|---|---|---|---|---|---|
| | കരാർ-11/115-16<br>/3-10-15<br>ബിൽ നം-32/<br>15-16/149985<br>തീയതി:16.3.16<br>TS-AEE/KBP/15/15-16<br>/4-8-15 | | | | |
| 5 | എസ്.ഓ.18/15-16-<br>മുഴാപ്പാലം സങ്കേതം<br>റോഡ് റീ ടാറിങ്ങ്<br>അടങ്കൽ- 350000<br>കരാറുകാരൻ-ബി.സനിൽ<br>ടെണ്ടർ തിയ്യതി-<br>15-09-15<br>കരാർ-9/15-16/3-10-15<br>ബിൽ നം-58/<br>15-16/349965<br>തീയതി:30.3.16<br>TS-AEE/KBP<br>/329/15-16/4-3-15 | എം-ബുക്ക്-<br>153/15-16<br>പേജ് -39<br>1764.46 kg<br>=1.764 ടൺ | 1.764 X<br>X41000<br>1.381<br>=99879 | 1.764 x32844<br>(31280+<br>5%tax 1564)<br>=57936 | 41943 |
| 6 | എസ്.ഓ.21/15-16-<br>മണക്കാട് മണ്ണത്താം<br>കണ്ടി കായലം റോഡ് റീ<br>ടാറിങ്ങ് I st reach<br>അടങ്കൽ- 350000<br>കരാറുകാരൻ-<br>എം.കെഅബ്ദുറഹിമാൻ<br>ടെണ്ടർ തിയ്യതി-<br>15-09-15 | എം-ബുക്ക്-<br>141/15-16<br>പേജ് -21<br>2307.45 kg<br>=2.307 ടൺ | 2.307 X<br>X41000<br>1.381<br>=130625 | 2.307 x32844<br>(31280+<br>5%tax 1564)<br>=75771 | 54854 |

| | | | | | |
|---|---|---|---|---|---|
| | കരാർ-6/15-16/1-10-15<br>ബിൽ നം-57/<br>15-16/349650<br>തീയതി:26.3.16<br>TS-AEE/KBP<br>/326/15-16/4-8-15 | | | | |
| 7 | എസ്.ഓ.24/15-16-ഗീതാ ക്വാർട്ടേഴ്സ് ആശാരി പറമ്പിൽ റോഡ് റീ ടാറിങ്ങ് അടങ്കൽ-300000 കരാറുകാരൻ-ബി.സനിൽ ടെണ്ടർ തിയ്യതി-15-09-15<br>കരാർ-10/15-16/3-10-15<br>ബിൽ നം-69/<br>15-16/299377<br>തീയതി:31.3.16<br>TS-AEE/KBP/<br>328/15-16/4-8-15 | എം-ബുക്ക്-159/15-16<br>പേജ് -24<br>660.50 kg<br>=.6605 ടൺ | .6605 X<br>X41000<br>1.381<br>=37398 | .6605 x32844<br>(31280+<br>5%tax 1564)<br>=21693 | 15705 |
| 8 | എസ്.ഓ.16/15-16-വില്ലേജ് ഓഫീസ് കച്ചേരിക്കുന്ന് കരിമ്പനക്കണ്ടി ജങ്ഷൻറോഡ് റീ ടാറിങ്ങ് അടങ്കൽ-350000 കരാറുകാരൻ-എം.കെ.അബ്ദുറഹിമാൻ ടെണ്ടർ തിയ്യതി-15-09-15 | എം-ബുക്ക്-112/15-16<br>പേജ് -21<br>2531.39 kg<br>=2.531 ടൺ | 2.531 X<br>X41000<br>1.381<br>=143308 | 2.531 x32844<br>(31280+<br>5%tax 1564)<br>=83128 | 60180 |

| | | | | | |
|---|---|---|---|---|---|
| | കരാർ-5/15-16/1-10-15<br>ബിൽ നം-48/<br>15-16/349650<br>തീയതി:16.3.16<br>TS-AEE/KBP/<br>325/15-16/4-8-15 | | | | |
| 9 | എസ്.ഓ.224/15-16-<br>പാറമ്മൽ പഴമ്പള്ളിക്കടവ്<br>റോഡ് റീ ടാറിങ്ങ്<br>അടങ്കൽ- 200000<br>കരാറുകാരൻ-<br>എം.കെ.അബ്ദുറഹിമാൻ<br>ടെണ്ടർതിയ്യതി-15-9-15<br>കരാർ-4/15-16/1-10-15<br>ബിൽ നം-51/<br>15-16/199600<br>തീയതി:16.3.16<br>TS-AEE/KBP/<br>324/15-16/4-8-15 | എം-ബുക്ക്-<br>105/15-16<br>പേജ് -30,31<br>1283.05 kg<br>=1.283 ടൺ | 1.283 X<br>X41000<br>1.381<br>=72645 | 1.283 x32844<br>(31280+<br>5%tax 1564)<br>=42139 | 30506 |
| 10 | എസ്.ഓ./23/15-16-<br>ഖാദി ബോർഡ്<br>പട്ടേരിക്കുന്ന് റോഡ് റീ<br>ടാറിങ്ങ് അടങ്കൽ-<br>200000 കരാറുകാരൻ-<br>ബി.സനിൽ ടെണ്ടർ<br>തിയ്യതി-15-09-15<br>കരാർ-8/15-16/3-10-15<br>ബിൽ നം-32/<br>15-16/197276 | എം-ബുക്ക്-<br>113/15-16<br>പേജ് -18<br>1345.42 kg<br>=1.345 ടൺ | 1.345 X<br>X41000<br>1.381<br>=76155 | 1.345 x32844<br>(31280+<br>5%tax 1564)<br>=44175 | 31980 |

| | | | | | |
|---|---|---|---|---|---|
| | തീയതി:29.2.16<br>TS-AEE/KBP/<br>327/15-16/4-8-15 | | | | |
| 11 | എസ്.ഓ.34/15-16-<br>തെങ്ങിലക്ക ടവ്<br>കേട്ടപ്പറമ്പ്<br>കോളനിറോഡ് റീ<br>ടാറിങ്ങ് അടങ്കൽ-<br>200000 കൺവീനർ-<br>കെ.സുകുമാരൻ<br>കരാർ-31/15-16/1-03-16<br>ബിൽ നം-60/<br>15-16/200000<br>തീയതി:30.3.16<br>TS-AEE/KBP/<br>839/15-16/3-10-15 | എം-ബുക്ക്-<br>152/15-16<br>പേജ് -19<br>1267 kg<br>=1.267 ടൺ | 1.267 X<br>X41000<br>1.381<br>=71739 | 1.267 x27524<br>(26213+<br>5%tax 1311)<br>=34873 | 36866 |
| 12 | എസ്.ഓ.25/15-16-<br>അട്ടവാട്ട് മടത്തും പറമ്പ്<br>റോഡ് റീ ടാറിങ്ങ്<br>അടങ്കൽ- 200000<br>കൺവീനർ-<br>കെ.മനോജ്കുമാർ<br>കരാർ-23/15-16/<br>21-01-16<br>ബിൽ നം42/<br>15-16/200000<br>തീയതി:16.3.16<br>TS-AEE/KBP/<br>387/15-16/4-8-15 | എം-ബുക്ക്-<br>101/15-16<br>പേജ് -18<br>1535.96 kg<br>=1.5359 ടൺ | 1.5359<br>X<br>X41000<br>1.381<br>=86964 | 1.5359 x28490<br>(27133+<br>5%tax 1357)<br>=43758 | 43206 |

| | | | | | |
|---|---|---|---|---|---|
| 13 | എസ്.ഓ.256/15-16-<br>ആലിൻ ചുവട്<br>കോട്ടക്കുന്ന് തിരുമംഗലം<br>എസ്.സി കോളനിറോഡ്<br>റീ ടാറിങ്ങ് അടങ്കൽ-<br>200000 കൺവീനർ -<br>പ്രശോഭ്<br>കരാർ-30/15-16/<br>26-02-16<br>ബിൽ നം-53/<br>15-16/200000<br>തീയതി:26.3.16<br>TSAEE/KBP/<br>1030/15-16/16-2-16 | എം-ബുക്ക്-<br>154/15-16<br>പേജ് -18<br>1006.79 kg<br>=1.0068 ടൺ | 1.0068<br>X<br>X41000<br>1.381<br>=57006 | 1.267 x26747<br>(25473+<br>5%tax 1274)<br>=33888 | 23118 |
| 14 | എസ്.ഓ.241/15-16-<br>പാഞ്ചിരി കോളനി<br>ഹൈസ്കൂൾ റോഡ് റീ<br>ടാറിങ്ങ് അടങ്കൽ-<br>400275 കൺവീനർ-<br>വേലായുധൻ .പി<br>കരാർ-29/15-16/<br>24-02-16<br>ബിൽ നം-56/<br>15-16/400275<br>തീയതി:26.3.16<br>TS-AEE/KBP/<br>935/15-16/20-1-16 | എം-ബുക്ക്-<br>157/15-16<br>പേജ് -34<br>1599 kg<br>=1.599 ടൺ | 1.599 X<br>X41000<br>1.381<br>=90537 | 1.599 x26747<br>(25473+<br>5%tax 1274)<br>=42768 | 47769 |
| 15 | എസ്.ഓ.13/15-16-<br>കല്പ്പള്ളിക്കടവ് റോഡ് | എം-ബുക്ക്-<br>236/15-16 | 1.4276<br>X | 1.4276 x31524<br>(30023+ | 35828 |

| | | | | | |
|---|---|---|---|---|---|
| | റീ ടാറിങ്ങ് അടങ്കൽ-<br>350000 കൺവീനർ-<br>അബ്ദുൾ ഷുക്കൂർ<br>കരാർ-13/15-16/<br>22-12-15<br>ബിൽ നം-37/<br>15-16/35000<br>തീയതി:29.2.16<br>TS-AEE/KBP/<br>646/15-16/31-8-15 | പേജ് -25<br>1427.61 kg<br>=1.4276 ടൺ | X41000<br>1.381<br>=80832 | 5%tax 1501)<br>=45004 | |
| 16 | എസ്.ഓ.219/15-16-<br>മണക്കാട് മണ്ണത്താം<br>കണ്ടി കായലം റോഡ് റീ<br>ടാറിങ്ങ് II nd<br>reachഅടങ്കൽ- 250000<br>കൺവീനർ -കെ.സി.<br>ബാബു കരാർ-15/15-16/<br>22-12-15<br>ബിൽ നം-19/<br>15-16/62500<br>തീയതി:29.9.15ബിൽ<br>നം-41/ 15-16/189500<br>തീയതി:16.3.16<br>TS-AEE/KBP/<br>848/15-16/9-8-15 | എം-ബുക്ക്-<br>143/15-16<br>പേജ് -20<br>1918.52 kg<br>=1.9185 ടൺ | 1.9185<br>X<br>X41000<br>1.381<br>=108627 | 1.9185 x31524<br>(30023+<br>5%tax 1501)<br>=60479 | 48148 |
| ആകെ | | | | | 647023 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (1/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അധികം നൽകിയ തുക തിരികെ അടയ്ക്കേണ്ടതാണ്.

## 3-2 കോൺക്രീറ്റ് പ്രവർത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നു

കോൺക്രീറ്റ് പ്രവൃത്തികൾക്ക് CPWD Delhi Shedule of rate Analysis 2014 പ്രകാരം Sub Head 4 -1-3 പ്രകാരമുള്ള നിരക്കിലാണ് cement concreat pavement with 1: 2: 4 (1 cement;2 course sand ; 4 graded stone aggregate 20mm nominal size including finishing completed) എന്ന ഇനം പ്രവർത്തി ചെയ്യേണ്ടത് . പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടത്തിയിട്ടുള്ള കോൺക്രീറ്റ് പ്രവർത്തികൾക്ക് താഴെ കാണിച്ച പ്രകാരം 6564.29 / M3 ന് ആണ് അർഹതയുള്ളത് എന്നാൽ M3 ന് 6916.05 എന്ന നിരക്ക് എടുത്തിട്ടുള്ളതിനാൽ കൺവീനർക്ക് M3ന് 351.76 രൂപ അധികം നല്കിയിട്ടുണ്ട് .

4-1-3 sub head പ്രകാരം അർഹതയുള്ള നിരക്ക്

| code | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0295 | Stone aggregate single size20 mm nominal size | cum | .670 | 1175 | 787.25 |
| 0297 | Stone aggregate 10 mm nominal size | cum | .220 | 1175 | 258.5 |
| 2202 | Carriage of stone aggregate size below 40 mm nominal size | cum | .890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | .445 | 1200 | 534 |
| 2203 | Carriage of coarse sand | cum | .445 | 106.49 | 47.39 |
| 0367 | Port land cement(0.2225cum) | tonne | .320 | 6300 | 2016 |
| 2203 | Carriage of cement | tonne | .320 | 94.65 | 30.29 |
| 0155 | Mason (average) | day | .100 | 417 | 41.70 |
| 0114 | belder | day | 1.630 | 329 | 536.27 |
| 0101 | bhisti | day | .700 | 363 | 254.1 |
| 0002 | Hire charge of concreat mixure .25to.40 cum.. | day | .070 | 800 | 56 |
| 0012 | Vibrator needle type 40mm | day | .700 | .350 | 24.50 |
| 9999 | Sundries (LS) | | 14.300 | 1.78 | 25.45 |
| Total | | | | | 4706.23 |
| Add water charge @ 1% | | | | | 47.06 |
| Total | | | | | 4753.29 |
| 4753.29 X 1.381(cost indux..) | | | | | 6564.29 |
| 1m3 ന് കൺവീനർക്ക് അർഹതയുള്ള തുക | | | | | 6564.29 |

| അനുവദിച്ചതുക | 6916.05 |
|---|---|

അധികം അനുവദിച്ചതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രൊജക്റ്റ് വിശദാംശങ്ങൾ | ബിൽനമ്പർ,തിയ്യതി,തുക, | 1 : 2 : 4 കോൺക്രീറ്റ് ചെയ്ത അളവ് | അർഹതയുള്ള തുക | അനുവദിച്ചതുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|
| 1 | എസ്.ഒ 247/16 – കുണ്ട്യോടൻ പറമ്പ് കൂടത്തും കുഴി റോഡ് കോൺക്രീറ്റ്<br>കൺവീനർ - സാമി.കെ<br>അടങ്കൽ - 200000 (വികസനഫണ്ട്)<br>ടി.എസ് -AEE/KBP/ 955/15-16/31-01-16 | 38/15-16/<br>16-03-16<br>200000 | 12.63M3<br>M-book 136/15-16- page-6 | 12.63 X 6564.29 =82907 | 12.63 x 6916.05 =87350 | 4443 |
| 2 | എസ്.ഒ 33/16 – പഴയംകുന്ന് റോഡ് കോൺക്രീറ്റ്<br>കൺവീനർ - മുഹമ്മദ് അഷറഫ്<br>അടങ്കൽ -300000 (വികസനഫണ്ട്)<br>ടി.എസ് -AEE/KBP/647 /15-16/31-08-15 | 62/15-16/<br>30-3-16<br>270633 | 15.147M3<br>M-book 238/08- page-14 | 15.147 X 6564.29 =99429 | 15.147 x 6916.05 =104757 | 5328 |
| 3 | എസ്.ഒ 241/16 – പാഞ്ചിരിക്കോളനി ഹൈസ്കൂൾ റോഡ്<br>കൺവീനർ - പി.വേലായുധൻ | 56/25-16/<br>26-03-16<br>400275 | 12.84M3<br>M-book 157/15-16- page-32 | 12.84 X 6564.29 =84285 | 12.84 x 6916.05 = 88802 | 4517 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ -400275<br>(വികസനഫണ്ട്)<br>ടി.എസ് -AEE/KBP/935 /<br>15-16/20-06-15 | | | | | |
| 4 | എസ്.ഒ 11/16 – പള്ളി യോൾ വാവാട്ടു പാറ റോഡ്-കൺവീനർ - ബാലകൃഷ്ണൻ നായർ 350000(വികസനഫണ്ട്)ടി.എസ് -AEE/ KBP/644/5-16/31-8-15 | 41/25-16/<br>16-03-16<br>350000 | 10.55 M3<br>M-book<br>306/15-16-<br>page-5,9 | 10.55 X<br>6564.29<br>=69253 | 10.55 x<br>6916.05<br>=72964 | 3711 |

ആകെ അധികം നൽകിയത് – 17999

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (2/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അധികം നൽകിയ തുക കൺവീനർമാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-3 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫർണീച്ചറുകൾക്ക് അധിക തുക ചെലവഴിച്ചു

പ്രൊജക്ട് നമ്പർ - എസ്.ഒ.86 / 2015-16
അടങ്കൽ – 583000രൂപ (വികസനഫണ്ട്)
ചെലവ് - 458426 രൂപ (ഡി.ഡി.നം. 484099/29-03-2016)
ബിൽനമ്പർ,തിയ്യതി – 9/15-16/ 26-03-16
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പഞ്ചായത്തിലെ 4ാം ക്ളാസ് മുതൽ 7ാം ക്ളാസു വരെ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ , കസേര എന്നിവ നല്കുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 16.11.2013 ലെ സ.ഉ (എം.എസ്) 362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗരേഖ അനുബന്ധം 16 ഖണ്ഡിക 6-8 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം)വാങ്ങി നൽകുന്നതിന് 4000 രൂപ ധനസഹായം നൽകാവുന്നതാണ്. ഇവിടെ 79 വിദ്യാർത്ഥികൾക്ക് SIDCOയിൽ നിന്നും 4,58,426 രൂപ ചെലവഴിച്ചാണ് സ്റ്റീൽ ഫർണീച്ചറുകൾ വാങ്ങി നൽകിയിട്ടുള്ളത്. മാർഗരേഖ പ്രകാരം 3,16,000 രൂപയേ ( 4000 X 79 ) ചെലവഴിക്കാൻ അനുവാദമുള്ളൂ. മാർഗരേഖയ്ക്ക് വിരുദ്ധമായി 1,42,426 രൂപ ( 4,58,426 – 316000) അധികം ചെലവഴിച്ചിട്ടുണ്ട് . 02.02.2016 ഭരണ സമിതിയുടെ 2(2) നംമ്പർ തീരുമാന പ്രകാരം ഫർണിച്ചറുകൾക്ക് അധികതുക നൽകാൻ ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (3/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അധികം നൽകിയ തുക നിർവ്വഹണ

ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-4 ഗ്രാമ സഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നമ്പർ - എസ്.ഒ.87 / 2015-16

അടങ്കൽ – 250000 രൂപ (വികസനഫണ്ട്)

ചെലവ് – 250000 രൂപ

ബിൽനമ്പർ,തിയ്യതി - 6/15-16 /14-03-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

10 ാം ക്ളാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 കുട്ടികൾക്ക് സൈക്കിൾ നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയിൽ SIDCO യിൽ നിന്ന് 45 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 6 സൈക്കിളുകൾ ഗ്രാമ സഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കല്ല നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | വാർഡ് നംമ്പർ | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | അനാമിക.കെ | 9 | 5555 | ഗ്രാമസഭാ ലിസ്റ്റിൽ വേറെ അർഹതയുള്ള 10 ഗുണഭോക്താക്കളുണ്ട്. പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസുകളിൽ നിന്നോ മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | അഭിജിത്ത്.കെ | 9 | 5555 | |
| 3 | ഷിപിൻ.കെ | 9 | 5555 | |
| 4 | അഭിനവ്.പി | 9 | 5555 | |
| 5 | | 18 | 5555 | ഗ്രാമസഭാ ലിസ്റ്റിൽ വേറെ അർഹതയുള്ള 2 ഗുണഭോക്താക്കളുണ്ട്. പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസുകളിൽ നിന്നോ മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 6 | വിവേക് | 3 | 5555 | ഗ്രാമസഭാ ലിസ്റ്റിൽ വേറെഅർഹതയുള്ള3 ഗുണഭോക്താക്കളുണ്ട്. പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസുകളിൽ നിന്നോ മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | | ആകെ തുക | 33330 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (4/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മേൽ ഗുണഭോക്താക്കൾ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളാണെന്നുള്ളതിന് രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 റിസർവ് പൂൾ അദ്ധ്യാപക നിയമനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം - എസ്.ഒ.90 / 2015-16

അടങ്കൽ - 226250 രൂപ (വികസനഫണ്ട്)

ചെലവ് – 200000 (ബിൽ നം. 05/15-16/14-03-2016) നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും മുഴുവൻ സമയങ്ങളിലും അദ്ധ്യാപക സാന്നിദ്ധ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അദ്ധ്യാപകരുടെ സേവനം ലഭ്യമല്ലാത്ത അവസരത്തിൽ സ്കൂളുകളിൽ താൽകാലിക അദ്ധ്യാപകരെ പഞ്ചായത്ത് തലത്തിൽ നിയമിച്ച് പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ഇതിനായി പഞ്ചായത്ത് തലത്തിൽ തന്നെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത അദ്ധ്യാപകരെ 250/- രൂപ നിരക്കിൽ ദിവസ വേതാനടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. . പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) <u>പഞ്ചായത്തിന്റെ ചുമതലയിൽ ഇല്ലാത്ത കാര്യത്തിന് പണം ചെലവഴിച്ചു</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്. 166(1) പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമപഞ്ചായത്തുകളുടെ വിദ്യാഭ്യാസ മേഖ ലയിലെ ചുമതല. 18.01.1996ലെ (എം.എസ്)14/96/ പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവി ദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷ യങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിലാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കും, സർ ക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് മേൽ പദ്ധതി നടപ്പാക്കിയത്.

2)<u>ചട്ട വിരുദ്ധമായ നിയമനം</u>

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം 3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ തസ്തികകൾ എന്തെങ്കിലും കാരണവശാൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ, അങ്ങനെ ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാന ത്തിലോ പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്ക് താൽകാലികമായി നിയമിക്കാവുന്നതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധ മായി ഗ്രാമപഞ്ചായത്തിൽ തീരുമാനമെടുത്ത് നിയമനങ്ങൾ നടത്തി.

3) <u>മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്</u>

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പദ്ധതി പരിഷ്കരിച്ച

മാർഗ്ഗരേഖയിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

a)തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശ്ശിച്ചിട്ടുണ്ട്.

b) പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പടുത്തിയാണ് നടപ്പാക്കേണ്ടയിരുന്നത്.

c)പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. .

പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കും, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (6/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ചെലവുതുക തടസ്സം ചെയ്യുന്നു.

## 3-6 വാങ്ങിയ സൈക്കിളുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - എസ്.ഒ.87 / 2015-16 |
| അടങ്കൽ | - 250000 രൂപ (വികസനഫണ്ട്) |
| ചെലവ് | – 250000 രൂപ |
| ബിൽനമ്പർ,തിയ്യതി | – 6/15-16 /14-03-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - ഹെഡ് മാസ്റ്റർ |

10 ാം ക്ളാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 കുട്ടികൾക്ക് സൈക്കിൾ നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയിൽ SIDCO യിൽ നിന്ന് 45 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചതിൽ ഇതിൽ 43 സൈക്കിളുകൾ മാത്രമാണ് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ളത്. ബാക്കി 2 സൈക്കിളുകൾ പഞ്ചായത്ത് ഗോഡൗണിൽ സൂക്ഷിച്ചതായി കണ്ടു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (7/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അധികം വാങ്ങിയ 2 സൈക്കിളിന്റെ വിലയായ 11,110 പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-7 ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് സ്മാർട്ട് ക്ളാസ്സ് റൂം ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - എസ്.ഒ. 205/ 2015-16 |
| അടങ്കൽ | - 250000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ) |
| ചെലവ് | - 250000/- ബിൽ നം.7/2015-16/14-03-2016 |

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

2 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനായി 2 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്ന് വാങ്ങി യിട്ടുണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചില്ല.

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ഈ പദ്ധതിയിൽ മറ്റ് കമ്പനികൾ നിർമിച്ച ഉപകരണങ്ങളാണ് കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത

ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരംതദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ പകുതി മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. കൂടാതെ സ്റ്റോർ പർച്ചേസ് നിയമപ്രകാരം സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ചല്ലാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (8/15-16/6-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ചെലവുതുക തടസ്സം ചെയ്യുന്നു.

## 3-8 പത്ര പരസ്യത്തിന് നിരക്ക് അനുവദിച്ചത് ക്രമത്തിലല്ല

പഞ്ചായത്തിൽ വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ പത്ര പരസ്യങ്ങൾക്ക് കോളം നിരക്കിലല്ല തുക ആവശ്യപ്പെട്ടിട്ടുള്ളത്. ജി.ഒ. (ആർടി.)1/11/ I & PRD/04-01-11 , ജി.ഒ.(ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/ I & PRD /22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റീ മീറ്ററിലാണ് കാണിച്ചിട്ടുള്ളത്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് പരസ്യചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പത്രം , തിയ്യതി | അനുവദിച്ചതുക | ബിൽ/ചെക്ക് നമ്പർതിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മാതൃഭൂമി പത്രം<br>07-01-2016 | 8 സെ.മീ.<br>വീതിx4സെ.മീ. നീളം<br>=32x192 (നിരക്ക്) =6144 രൂപ | 565170/<br>10-03-16<br>തനത് ഫണ്ട് |
| 2 | ചന്ദ്രിക പത്രം<br>27-09-2015 | 8 സെ.മീ. വീതി x 6സെ .മീ. നീളം<br>=48 x 75(നിരക്ക്)<br>=3600 രൂപ | 560383/<br>22-12-15<br>തനത് ഫണ്ട് |
| 3 | മാതൃഭൂമി പത്രം<br>27-09-15 | 8 സെ.മീ. വീതി x4സെ.മീ. നീളം<br>=32 x 192(നിരക്ക്)=6144 രൂപ | 560382/<br>22-12-15<br>തനത് ഫണ്ട് |
| 4 | ചന്ദ്രിക പത്രം<br>24-07-2015 | 8 സെ.മീ. വീതി x 8സെ.മീ. നീളം=64 x 75(നിരക്ക്)=4800 രൂപ | 556088/<br>21-08-15<br>തനത് ഫണ്ട് |
| 5 | ചന്ദ്രിക പത്രം<br>22-08-2015 | 8 സെ.മീ. വീതി x 7സെ.മീ. നീളം=56 x 75(നിരക്ക്)=4200 രൂപ | 556087/<br>21-08-15<br>തനത് ഫണ്ട് |
| 6 | മാതൃഭൂമി പത്രം<br>09-03-2015 | 8 സെ.മീ. വീതി x 5സെ.മീ. നീളം=40 x 165(നിരക്ക്)<br>=6600 രൂപ | 552839/<br>17-04-15<br>തനത് ഫണ്ട് |
| 7 | ചന്ദ്രിക പത്രം<br>22-08-2015 | 8 സെ.മീ. വീതി x 7സെ.മീ. നീളം=56 x 75(നിരക്ക്)=4200 രൂപ | 13/2015-16<br>25-09-15<br>48480<br>വികസന ഫണ്ട് |
| 8 | ചന്ദ്രിക പത്രം | 8 സെ.മീ. വീതി x 9സെ.മീ. നീളം=72 x | |

| | | | |
|---|---|---|---|
| | 20-08-2015 | 75(നിരക്ക്)=5400 രൂപ | |
| 9 | മാതൃഭൂമി പത്രം<br>20-08-15 | 8 സെ.മീ. വീതി x8സെ.മീ. നീളം<br>=64 x 240(നിരക്ക്)=15360 രൂപ | |
| 10 | മാതൃഭൂമി പത്രം<br>22-08-15 | 8 സെ.മീ. വീതി x6സെ.മീ. നീളം<br>=48 x 240(നിരക്ക്)=11520 രൂപ | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (9/15-16/69-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-9 കരാറിൽ ഏർപ്പെടാതെ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് അഡ്വാൻസ് നൽകി , പ്രവർത്തി പൂർത്തിയായില്ല

സ.ഉ.(എം.എസ്) 362/2013/ത.സ്വ.ഭ.വ/ 16-11-2013 നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 11-13 (Xi) പ്രകാരം കേരള വാട്ടർ അതോറിറ്റി(KWA), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്(KSEB) എന്നീ സ്ഥാപനങ്ങൾക്ക് നിർമ്മാണ പ്രവൃത്തികൾക്കായി മുൻകൂർ നൽകുമ്പോൾ അവരുമായി തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെട്ടതിനു ശേഷമേ മുൻകൂർ തുക നല്കാൻ പാടുള്ളൂ. സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ മേൽ നിർദ്ദേശം പാലിക്കാതെയാണ് തുക നൽകിയിട്ടുള്ളത് .

| പ്രൊജക്ട് വിശദാംശങ്ങൾ | ചെലവ് തുക | റിമാർക്സ് |
|---|---|---|
| എസ്.ഒ.248/16 എസ്.സി കോളനി വൈദ്യുതീകരണം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും<br>അടങ്കൽ-712345 | 6,99,985<br>ബിൽനം.<br>35/15-16/<br>18-03-16<br>(എസ്.സി.പി) | കെ.എസ്.സി.ബിയുമായി കരാറിൽ ഏർപ്പെടാതെ യാണ് മുൻകൂർ നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| എസ്.ഒ.95/16 പൈപ്പ് ലൈൻ റോഡിൽ സ്ട്രീറ്റ് ലൈറ്റ് വലിക്കൽ അടങ്കൽ - 100000<br>98000 | 98000 | കെ.എസ്.സി.ബിയുമായി കരാറിൽ ഏർപ്പെടാതെ യാണ് മുൻകൂർ നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| (തനത് ഫണ്ട്) | | |

ആകെ – 7,97,985

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (11/15-16/9-1-17)ക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 ഐ.കെ .എം പ്രവർത്തനം കാര്യക്ഷമമല്ല

പ്രൊജക്ട് നമ്പർ - എസ്.ഒ.01 / 2015-16

അടങ്കൽ - 100000രൂപ (വികസനഫണ്ട്)

ചെലവ് - 51575 രൂപ (ബിൽ നം.38/15-16/24-03-2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ.കെ.എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിന്റെ 29.05.2009 ലെ ജി.ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഐ.കെ.എം ന് പണം എല്ലാ വർഷവും നൽകി വരുന്നുണ്ട് .ഇതിനു പകരമായി ഐ.കെ.എം പഞ്ചായത്തിന് ലഭ്യമാക്കേണ്ട സേവനങ്ങളുംടെയും നിലവിൽ അതിന്റെ പ്രവർത്തനത്തിലെ പോരായ്മകളും ചുവടെ ചേർക്കുന്നു

| | |
|---|---|
| കോട്സ് സോഫ്റ്റ് വെയർ | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| ബ്രോഡ് ബാന്റ് @ വി.പി.എൻ കണക്ഷൻ | ഐ.കെ.എം ന്റെ ഈ സേവനം കാര്യക്ഷമമല്ലാത്തതിനാൽ പഞ്ചായത്ത് വിനിയോഗിക്കുന്നില്ല. നിലവിൽ അക്ഷയ വഴിയുള്ള വിവാഹ ഇ.രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റിങ്ങിനു മാത്രം ഉപകരിക്കുന്നു |
| എസ്.എം. എസ് സർവ്വീസ് | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| വിവിധ സേവനങ്ങൾ | സഞ്ചയ- വസ്തുനികുതിയിൽ പ്രവർത്തിക്കുന്നു.റിപ്പോർട്ടുകളിലെ കണക്കുകൾ തെറ്റായി വരുന്നു. അപാകതകൾ പരിഹരിച്ചു കിട്ടുന്നില്ല. ഓൺ ലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഡിമാന്റ് ചെയ്യപ്പെടുന്ന തുകയ്ക്ക് കൃത്യത ചില സമയങ്ങളിൽ ഉണ്ടാകുന്നില്ല.<br>സചിത്ര- പ്രവർത്തിക്കുന്നു.കാര്യക്ഷമമല്ല. ആസ്തികളുടെ മൂല്യം തെറ്റായി വരുന്നു. ആസ്തി വിവരങ്ങൾ എഡിറ്റ് ചെയ്യേണ്ടി വരുമ്പോൾ സർച്ച് ചെയ്തെടുക്കാൻ ബുദ്ധിമുട്ടാണ്.<br>സുലേഖ- പ്രവർത്തിക്കുന്നു.പൂർണ്ണമായിട്ടില്ല സുലേഖയുമായി ഓട്ടോമറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്.<br>സൂചിക-ഫ്രണ്ട് ഓഫീസിൽമാത്രം പ്രവർത്തിക്കുന്നു ഫയൽ മാനേജ്മെന്റ് കാലികമല്ല<br>സാംഖ്യ- പ്രവർത്തിക്കുന്നു. അപാകതകൾ പരിഹരിച്ചു കിട്ടുന്നതിൽ കാലതാമസം. സുലേഖയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി ഓൺലൈൻ അടക്കാൻ കഴിയില്ല.<br>സേവന- പ്രവർത്തിക്കുന്നു. പെൻഷനേഴ്സ് അക്കൗണ്ടുമായി ലിങ്ക് ആയിട്ടില്ല. |

| | |
|---|---|
| | സ്ഥാപനം പ്രവർത്തിക്കുന്നു. യൂസേഴ്സ് ഫ്രണ്ടിലി അല്ല. സർക്കാരിന്റെ ഉത്തരവുകൾ മാന്വൽ ആയി ചെയ്യണം. സോഫ്റ്റ് വെയർ വെബ് അധിഷ്ഠിതമല്ല.<br>സകർമ്മ- കാര്യക്ഷമമല്ല. Delet option ഇല്ല |

മുകളിൽ പറഞ്ഞ സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

ഐ.കെ.എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു. ഐ കെ എം ന്റെ സേവനം കുറ്റമറ്റതാക്കേണ്ടതാണ്. വർഷങ്ങളായി രൂപം നൽകിയ സോഫ്റ്റ് വെയറുകളിൽ ഇപ്പോഴും അപാകതകൾ തുടരുന്നത് ആശാസ്യമല്ല. ഐ.കെ.എം ന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (12/15-16/9-1-17)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 പെയിൻ & പാലിയേറ്റീവ് പദ്ധതി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

*പ്രൊജക്ട് നമ്പർ - എസ്.ഒ 71 / 2015-16*

*അടങ്കൽ - 520000 രൂപ*

*ചെലവ് തുക – 295869*

*നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി*

*മേൽ പ്രോജക്ടിൽ 113805 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. താഴെക്കാണിച്ച പ്രകാരം ചെലവഴിച്ച തുകകൾക്ക് രേഖകൾ ഹാജരാക്കിയിട്ടില്ല.*

| *ബിൽനമ്പർ, തിയ്യതി* | *തുക* |
|---|---|
| *11/15-16/ 25-09-15* | *34600* |
| 20/15-16/01-12-15 | 52014 |
| 21/15-16/ 23-12-15 | 75250 |
| 29/15-16/ 03-03-16 | 20200 |
| ആകെ | **1,82,064** |

*അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (10/15-16/ 9-1-17)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.*

## 3-12 അനുപൂരക പോഷകാഹാര പദ്ധതി -പൊതു അപാകതകൾ

2015-16 വർഷം അനുപൂരക പോഷകാഹാര പദ്ധതിക്കായി ചെയ്ത പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1.സ.ഉ(എം.എസ്)നമ്പർ 362/2013/തസ്വഭവ തീയതി.16.11.2013 ഖണ്ഡിക 8(1) പ്രകാരം അങ്കണവാടി പോഷകാഹാരത്തിനുള്ള തുക ഒറ്റ പ്രോജക്റ്റായി തയ്യാറാക്കേണ്ടതാണ്.എന്നാൽ അനുപൂരക പോഷകാഹാര വിതരണത്തിനായി വികസന ഫണ്ട് ജനറലിൽ നിന്ന് 20,00,000/- രൂപയും വികസന ഫണ്ട് എസ്.സി.പി യിൽ നിന്ന് 3,00,000/- രൂപയും വകയിരുത്തി പ്രസ്തുത വർഷം രണ്ട് പ്രൊജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

2.അനുപൂരക പോഷകാഹാര പദ്ധതിയുടെ നടത്തിപ്പിനായി രണ്ട് പ്രൊജക്റ്റുകളിലായി 23,00,000/-രൂപ 2015-16 വർഷം ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത വർഷം കേന്ദ്രാവിഷ്കൃത ഫണ്ട് 3,51,292/- രൂപ മാത്രമെ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളൂ.ചെലവിന് ആനുപാതികമായി കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാക്കാൻ പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ച് കാണുന്നില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-13 മൃഗസംരക്ഷണം -ഉദ്പാദന മേഖലാ വികസനത്തിന് പ്രാധാന്യം നൽകുന്നില്ല.

സ.ഉ(എം.എസ്)നമ്പർ 362/2013/തസ്വഭവ തീയതി 16.11.2013, ഖണ്ഡിക 3 പ്രകാരം പ്രൊജക്റ്റ് രൂപീകരണത്തിൽ ഉദ്പാദന മേഖലയുടെ വളർച്ചക്കായിരിക്കണം മുന്തിയ പരിഗണന നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ വെറ്ററിനറി സർജൻ നിർവഹണം ചെയ്ത പ്രൊജക്റ്റുകൾക്കായി വകയിരുത്തിയ 13,22,250/- രൂപയിൽ 5,20,400/- രൂപ മാത്രമാണ് പ്രസ്തുത വർഷം ചെലവഴിച്ചതായി കാണുന്നത്.വളരെ പ്രാധാന്യമുള്ള ഉദ്പാദന മേഖലയിൽ പഞ്ചായത്ത് ഒരു സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുകയുടെ 39% മാത്രമെ ചെലവഴിക്കാനായുള്ളൂ എന്നത് വിശദീകരിക്കേണ്ടതാണ്.

## 3-14 അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച.

പഞ്ചായത്തിലുള്ള 29 അങ്കണവാടികളിൽ ഭൂരിപക്ഷത്തിനും അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത വളരെ അധികം ഉണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 3 |
| 2 | വൈദ്യുതീകരണം ചെയ്യാത്തവ | 6 |
| 3 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 4+3(ഗവ സ്കൂൾ) |
| 4 | സ്വന്തമായി സ്ഥലം ഇല്ലാത്തവ | 1 |
| 5 | കോമ്പൗണ്ട് വാൾ ഇല്ലാത്തവ | 16 |
| 6 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഇല്ലാത്തവ | 29 |
| 7 | കുടിവെള്ള സൗകര്യം ഇല്ലാത്തവ | 6 |

2015-16 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വകയിരുത്തിയ 9,78,50,506/- രൂപയിൽ 1,42,91,289/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി വെച്ച പ്രൊജക്ടുകളിലധികവും നടപ്പിലാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | തുക |
|---|---|---|---|
| 1 | 14/16 | അങ്കണവാടി റിപ്പയർ | 2,00,000/- |
| 2 | 20/16 | അങ്കണവാടി കെട്ടിടങ്ങളുടെ പെയിന്റിംഗ് | 2,00,000/- |
| 3 | 145/16 | മണക്കാട് അങ്കണവാടി ചുറ്റുമതിൽ | 60,000/- |
| 4 | 147/16 | തടത്തിൽ മേത്തൽ അങ്കണവാടി കെട്ടിട നിർമ്മാണം | 9,25,000/- |
| 5 | 148/16 | കുറ്റിക്കടവ് അങ്കണവാടി ചുറ്റുമതിൽ | 2,00,000/- |
| 6 | 172/16 | കച്ചേരിക്കുന്ന് അങ്കണവാടിക്ക് ചുറ്റുമതിൽ | 62,857/- |
| 7 | 173/16 | മുഴാപ്പാലം അങ്കണവാടി കെട്ടിട നിർമ്മാണം | 5,50,000/- |
| 8 | 227/16 | കുറ്റിക്കടവ്,മേച്ചേരിക്കുന്ന്,തീർഥക്കുന്ന് അങ്കണവാടികൾക്ക് കുടിവെള്ളം | 30,000/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനം ഇത്തരത്തിൽ അവഗണിക്കപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-15 വാർധക്യ പെൻഷൻ -അപാകതകൾ

നാഷണൽ ഓൾഡ് എയ്ജ് പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം 60 വയസ് ആയവർക്കാണ് പെൻഷൻ അനുവദിക്കേണ്ടത്.എന്നാൽ പെൻഷൻ അനുവദിച്ച ചിലർക്ക് ആധാർ കാർഡ് പ്രകാരം 60 വയസ് പൂർത്തിയാവാത്തതായി കാണുന്നു.

| ക്രമ നം | പേര് | ജനനവർഷം | പെൻഷൻ നം | പെൻഷൻ അനുവദിച്ചത് |
|---|---|---|---|---|
| 1 | യൂസഫ് ,കണ്ണിപ്പറമ്പ് | 1957 | 284/15-16 | 1.10.2015 |
| 2 | ബീപാത്തുമ്മ,ചെറൂപ്പ | 1957 | - | 1.11.2015 |
| 3 | മോയിൻ കെ | 1957 | 368/15-16 | 1.12.2015 |

പ്രസ്തുത പെൻഷൻ അപേക്ഷകളിലെ പ്രായം തെളിയിക്കുന്ന രേഖ പുനപരിശോധിക്കേണ്ടതാണ്. ആധാർ കാർഡ് അല്ലാത്ത മറ്റു രേഖകളിലും ഇപ്രകാരം തന്നെയാണോ ജനനവർഷം രേഖപ്പെടുത്തിയത് എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-16 ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

ആശ്രയ പദ്ധതിയുടെ ആദ്യ പ്രോജക്ട് 2013-14 വർഷത്തിൽ പുതുക്കിയതിൽ 44 ഗുണഭോക്താക്കൾക്ക് തുടർസേവനം ആവശ്യമായിട്ടുണ്ട്. കൂടാതെ പുതിയ പ്രോജക്ടിൽ 65 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഫസ്റ്റ് പ്രോജക്ട് | സെക്കന്റ് പ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 44 | 65 |
| പ്രോജക്ട് പ്രകാരം വീടു വെക്കാൻ സ്ഥലം ആവശ്യമുള്ളവർ | | 7 |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | | |
| പ്രോജക്റ്റ് പ്രകാരം വീട് ആവശ്യമുള്ളവർ | 15 | 30 |
| നാളിതുവരെ ലഭിച്ചവർ | 12 | 15 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | | 2 |
| നാളിതുവരെ ലഭിച്ചവർ | | |
| കക്കൂസ് ആവശ്യമുള്ളവർ | | |
| നാളിതുവരെ ലഭിച്ചവർ | | |
| കുടിവെള്ളം ആവശ്യമുള്ളവർ | 4 | 4 |
| നാളിതുവരെ ലഭിച്ചവർ | | |
| കറന്റ് ആവശ്യമുള്ളവർ | | |
| നാളിതുവരെ ലഭിച്ചവർ | | |

സർക്കാർ ഉത്തരവ് നമ്പർ 362/2013 തീയതി.16.11.2013 അനുബന്ധം 14 ഖണ്ഡിക 6.8(1)(2)പ്രകാരം എല്ലാ അഗതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.ആശ്രയ പദ്ധതി പ്രകാരം കണ്ടെത്തിയ ഗുണഭോകാതാക്കൾക്ക് വീടിന് സ്ഥലം നൽകൽ ,ഭവനനിർമ്മാണം ,പുനരുദ്ധാരണം ,കക്കൂസ് നിർമ്മാണം ,വൈദ്യുതീകരണം എന്നിവ അനുവദിക്കുന്നതിന് പ്രാധാന്യം നൽകി കാണുന്നില്ല.

2.മാവൂർ സഹകരണ ബാങ്കിലെ ആശ്രയ അക്കൗണ്ടിൽ (നം16444 )7,57,773/- രൂപ ബാലൻസ് ഉണ്ട്.ഇതിൽ ഭവന നിർമ്മാണ ധന സഹായത്തിനായി പഞ്ചായത്ത് നൽകിയ താഴെ പറയുന്ന തുക വിതരണം ചെയ്യാതെ വെച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | അമ്മാളു കണക്കന്മാർകണ്ടി | 30,000/- |
| 2 | വേണു ചിറ്റാരി | 5,000/- |
| 3 | സരസ്വതി കരിമ്പനക്കുഴി | 2,00,000/- |

3.പ്രസ്തുത വർഷത്തിൽ പ്രൊജക്റ്റ് നം 202/16 പ്രകാരം 6 ഗുണഭോക്താക്കൾക്ക് 2,25,000/- രൂപ ഒന്നാം ഗഡു മാത്രം അനുവദിച്ചിട്ടുണ്ട്. ഈ ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.ആശ്രയ ഗുണഭോക്താക്കൾക്ക് ഏറ്റവും പ്രാധാന്യം നൽകേണ്ടത് അനിവാര്യമാണ്.

## 3-17 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതിയിലെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

2015-16 ൽ 105/16 നമ്പർ പദ്ധതിയായ വീട് വയറിങ്ങിനായി 10 പേർക്ക് 4000 രൂപ വീതം 40000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 4 പേർക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചത്. പഞ്ചായത്ത് സെക്രട്ടറി നൽകിയ ഗുണഭോക്തൃലിസ്റ്റിൽ തെരഞ്ഞെടുത്ത 59 പേരുണ്ട് . ഇവരുടെ അർഹത പരിശോധിച്ച്. ആനുകൂല്യം നൽകുന്നതിൽ 4 പേർക്ക് മാത്രമായി പരിമിതപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഗുണഭോക്തൃലിസ്റ്റിൽ ബാക്കിയുള്ള 55 പേരും അനർഹരാണെങ്കിൽ ആയതിന്റെ കാരണം കാണിച്ചുള്ള വിശദറിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

താഴെ കാണിച്ച പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും ഇവ ഒന്നും തന്നെ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

| പദ്ധതി നമ്പർ | പേര് | വകയിരുത്തിയതുക |
|---|---|---|
| 181 | ഭവന നിർമ്മാണം വനിത | 55000 |
| 182 | ഇ.എം.എസ് ഭവന പദ്ധതി | 30000 |

| | | |
|---|---|---|
| 183 | ഭവന നിർമ്മാണം (എസ്.സി)വനിത | 15000 |
| 184 | ഭവന നിർമ്മാണം (എ.സ്സി) | 320000 |
| 185 | എം.എൻ ലക്ഷം വീട് ജനറൽ | 30000 |
| 186 | 200 സാനിറ്ററി കക്കൂസ് നിർമ്മാണം | 78000 |
| 190 | ലക്ഷം വീട് ഇരട്ടവീട് ഒറ്റവീടാക്കൽ | 200000 |
| 214 | സാനിറ്ററി യൂണിറ്റ് (ജനറൽ) | 770000 |
| 215 | പണി പൂർത്തിയാക്കാത്ത വീടുകൾക്ക് ധന സഹായം (ജനറൽ) | 200000 |

മേൽപറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിയതിലെ പോരായ്മകൾ സംബന്ധിച്ച്.

പദ്ധതി നമ്പർ - 192/2016

പദ്ധതിയുടെ പേര് - ഭവന നിർമ്മാണം -ജനറൽ(ബഹുവർഷം)

അടങ്കൽ - 51,48,000/-

ചെലവ് – 29,72,000/-

16.11.2013 ലെ ജി.ഒ (എം.എസ്)362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഭവന നിർമ്മാണത്തിനുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ പാലിക്കേണ്ടതുണ്ട്.

1. കുടുംബത്തിന് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിത ഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

2. 30 ച മീറ്ററിനും 60 ച മീറ്ററിനും ഇടയിൽ തറവിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കേ സബ്സിഡിക്ക് അർഹതയുള്ളു.

3. ഭവന നിർമ്മാണത്തിന്റെ അപേക്ഷക ഭാര്യയും,വീട് അനുവദിക്കേണ്ടത് ഭാര്യയുടെ പേരിലും ആയിരിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകളിൽ ക്രമ നമ്പർ 1 പ്രകാരം വി. ഇ .ഒ., നിശ്ചിത രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ക്രമ നമ്പർ 2 ലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. അപേക്ഷകൻ ആരംഭത്തിൽ അപേക്ഷയിൽ തറ വിസ്തീർണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും നിർമ്മിക്കുന്ന വീടിന്റെ യഥാർത്ത തറ വിസ്തീർണ്ണം അളന്ന് ആയത് കാണിക്കുന്ന പ്ലാൻ അഥവാ അളവ് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.ഈ പദ്ധതി പ്രകാരം നിർമ്മാണത്തിലുള്ള എല്ലാ വീടിന്റെയും തറ വിസ്തീർണ്ണം പരിശോധിച്ച് ആയതിന്റെ രേഖ ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

ക്രമ നമ്പർ 3 ൽ സ്ത്രീകൾക്ക് അനുവദിച്ച വീടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ അവരുടെ പേരില്ല. പകരം പുരുഷന്മാരുടെ പേരിലാണ് പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്. സ്ത്രീകളുടെ പേരിൽ ലിസ്റ്റ് തയ്യാറാക്കാത്തതിന്റെ കാരണം വ്യക്തമല്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | അപേക്ഷക | ഗുണഭോക്തൃ ലിസ്റ്റിലെ പേര് |
|---|---|---|---|
| 1 | 6 | ശ്രീമതി.ഷീന | ശ്രീ.അജയൻ പേരാപ്പിൽ |
| 2 | 8 | ശ്രീമതി.സീന | ശ്രീ.ദിനേഷ് കുമാർ |
| 3 | 9 | ശ്രീമതി.ജയപ്രകാശിനി | ശ്രീ.സത്യരാജൻ പൊയിൽ |
| 4 | 11 | ശ്രീമതി.നിഷ | ശ്രീ.ബാബുരാജൻ പുതുക്കുടി |
| 5 | 14 | ശ്രീമതി.ലത | ശ്രീ.സുബ്രമണ്യൻ പൊയിലാളം പറമ്പത്ത് |
| 6 | 2 | ശ്രീമതി.ഷിജി | ശ്രീ.ദിനേശൻ എളമ്പേരി താഴത്ത് |
| 7 | 16 | ശ്രീമതി.സിനി | ശ്രീ.മോഹനൻ പാടത്തുംകണ്ടി |

മേൽ പറഞ്ഞ പ്രകാരം 12-ം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖക്ക് അനുസൃതമായി പദ്ധതി നടപ്പാക്കാത്താതതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-19 തെരുവു വിളക്കുകളുടെ പരിപാലനം-തുക അടവാക്കുന്നതിലെ പോരായ്മകൾ- സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലേക്ക് മാവൂർ പഞ്ചായത്തിൽ നിന്നും 6,08,365/-രൂപ അടവാക്കുകയുണ്ടായി. ഏപ്രിൽ 2015 മുതൽ പ്രതിമാസം 49,685/- രൂപയും ഡിസംബർ മുതൽ താരിഫ് വർദ്ധനവ് പ്രകാരം 52,070/-രൂപയും അടച്ചുവരുന്നു.

എന്നാൽ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആകെ വിളക്കുകൾ,തരം,സ്ഥിതി ചെയ്യുന്ന വാർഡുകൾ എന്നിവ സംബന്ധിച്ച കണക്കുകൾ പഞ്ചായത്ത് രേഖകളിൽ സൂക്ഷിച്ച് കാണുന്നില്ല.ആയതിന്റെ അഭാവത്തിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായ വിളക്കുകളുടെ വിവരങ്ങൾ ലഭ്യമല്ല.

സർക്കാർ ഉത്തരവ് (എം എസ്)13/97/പവർ ഡിപാർട്ട്മെന്റ് തീയതി-22.03.1999 പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ആഴ്ചയിൽ ഒരു ദിവസം അസിസ്റ്റന്റ് എഞ്ചിനീയറുമായി (കെ.എസ്.ഇ.ബി) ബന്ധപ്പെട്ട് നിശ്ചയിച്ച് നടത്തേണ്ടതാണ്. ആയതിന് വീഴ്ച വരുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട ജനകീയ സമിതികൾ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമുണ്ട്. കൂടാതെ പഞ്ചായത്ത്തല ജനകീയ സമിതികൾ യോഗം ചേർന്ന് തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിലയിരുത്തേണ്ടതുമാണ്.

12.03.2013 ലെ സ.ഉ നം.65529/ഡി സി 3/12/തസ്വഭവ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.ആയതിനുള്ള ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നൽകുന്നതും ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ്.

തെരുവ് വിളക്കുകൾ ഉപയോഗയോഗ്യമാണെങ്കിലും അല്ലെങ്കിലും നിശ്ചിത തുക മാസം തോറും കെ.എസ്.ഇ.ബി യിൽ അടവാക്കേണ്ടതുണ്ട്.എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.(ജി ഒ(എം എസ്)34/2003/പിഡി തീയതി-02.12.2003)

കെ.എസ്.ഇ.ബി സെക്രട്ടറിയുടെ 23.02.2004 ലെ ബി ഒ (എഫ് ബി)നം 496/2004 എൽ ജി സി ഒ എം 3515/98 നമ്പർ ഉത്തരവിൽ തെരുവ് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാർഗരേഖ പ്രതിപാദിച്ചിട്ടുണ്ട്.ആയത് പ്രകാരം ഉള്ള ചെലവായി 8,100/-രൂപയാണ് മാർഗരേഖയിൽ നിശ്ചയിച്ചിരിക്കുന്നത്.

പഞ്ചായത്തിന് കൂടുതൽ ഗുണപ്രദമായ രീതിയിൽ വൈദ്യുതി ചാർജ് അടവാക്കുന്നതിനായി വ്യക്തമായ പരിശോധന നിശ്ചിത ഇടവേളകളിൽ നടത്തുന്നതിനൊപ്പം അധിക വൈദ്യുതി ചാർജ് അടവാക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-20 ഐ.എ.വൈ വിഹിതം -വിനിയോഗം സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ : 99/16. ഐ.എ.വൈ അധിക വിഹിതം( ജനറൽ)

ബിൽ നമ്പർ : 3/15-16 തി 16.1.16

അടങ്കൽ : 6,60,000/-(വികസന ഫണ്ട് )

ചെലവ് : 6,60,000/-

2015-16 വർഷത്തിൽ ഐ.എ.വൈ അധിക വിഹിതമായി പഞ്ചായത്ത് 6,60,000/- രൂപ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിരുന്നു (33 പേർക്ക് 20000 രൂപ വീതം).എന്നാൽ പ്രസ്തുത തുക പൂർണ്ണമായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-21 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മാവൂർ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ മുന്നിരിപ്പുൾപ്പെടെ 24164689രൂപയാണു വരവുള്ളത്. തൻവർഷത്തെ യഥാർത്ഥ ചെലവ് 3,26,03,554/-രൂപയാണെങ്കിലും ഫണ്ടിന്റെ കുറവ് കാരണം 1,50,79,347/-രൂപ 2016-17 ൽ ആണ് നൽകിയത്.

തൊഴിലാളികളുടെ കൂലി, ജീവനക്കാരുടെ വേതനം, മറ്റു ചെലവുകൾ,മെറ്റീരിയൽ എന്നീ ഇനങ്ങളിലാണ് ചെലവുള്ളത് . തൻവർഷം 194 പ്രൊജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചതിൽ 155 പ്രൊജക്ടുളാണ് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 8374 കുടുംബങ്ങളിൽ 3503 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും അവർക്ക് മുഴുവൻ തൊഴിൽകാർഡ് നൽകുകയും ചെയ്തിട്ടുണ്ട് . 632 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും ആകെ 115082 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷത്തെ വിവിധ പ്രവൃത്തികളായ റോഡ്, ഗ്രൗണ്ട് നിർമ്മാണം, നടപ്പാത നവീകരണം, എന്നിവയുൾപ്പെടെ ആസ്തികൾ സൃഷ്ടിക്കുന്ന 37 പ്രവൃത്തികൾ ചെയ്തിട്ടുമുണ്ട് .

## 3-22 ലൈസൻസില്ലാതെ സ്കൂട്ടർ വിതരണം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം ചെയ്ത (പ്രൊജക്ട് നം 233/16) വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ എന്ന പ്രൊജക്ടിന് പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് 2,00,000/- രൂപ,തനത് ഫണ്ടിൽ നിന്ന് 54,000/- രൂപ വകയിരുത്തി 3 വ്യക്തികൾക്ക് 75,000/- രൂപ വിലയിൽ കെൽട്രോണിൽ നിന്നും സൈഡ് വീൽ സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്.(mahindra,Rodeo,125cc,4 stroke)

എന്നാൽ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെയാണ് 3 പേർക്കും സൈഡ് വീൽ സ്കൂട്ടർ അനുവദിച്ചത്. പ്രസ്തുത പ്രൊജക്ട് മാനദണ്ഡങ്ങളിലും ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണ്. എന്നാൽ ഇന്നുവരെ ഈ വ്യക്തികൾ ഡ്രൈവിംഗ് ലൈസൻസ് എടുത്ത് കോപ്പി പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല. ഡ്രൈവിംഗ് ലൈസൻസില്ലാത്തവർക്ക് സൈഡ് വീൽ സ്കൂട്ടർ അനുവദിച്ചതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ലൈസൻസ് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-23 ഭവന നിർമ്മാണ പദ്ധതികളിൽ പണി നടക്കാതെ മുടങ്ങിക്കിടക്കുന്നവ സംബന്ധിച്ച്.

2010-11 മുതലുള്ള ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി ഗുണഭോക്താക്കൾ ഒന്നാം ഗഡു സബ്സിഡി കൈപ്പറ്റിയിട്ടില്ല. 2-ാം ഗഡു കൈപ്പറ്റിയിട്ടും 4വർഷമായി പണി തുടരാത്തവരുമുണ്ട്.

ഉദാഹരണം താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമനമ്പർ | പേര് | തുക | ചെക്ക് നമ്പർ,തിയ്യതി |
|---|---|---|---|
| (2010-11)<br>1 | ശ്രീ.ശശി.പി.സി,ഗോശാലം പറമ്പ് | 30000/- | 474504/8.6.10 |
| 5 | ശ്രീ.രാഘവൻ,കാഞ്ഞിരിമീത്തൽ | 30000/- | രേഖപ്പെടുത്തിയിട്ടില്ല 8.6.10 |
| 12 | ശ്രീ.സുനിൽ കുമാർ,പരുത്തിപ്പറമ്പിൽ | 30000/-<br>40000/- | 474512/8.6.10<br>474590/1.1.12 |
| 30 | ശ്രീ.പവിത്രനുണ്ണി ,പാത്തൻകുറ്റിമീത്തൽ | 30000/- | 016648/28.3.11 |
| (2013-14)<br>10 | ശ്രീമതി.മിനി.പി.കെ,കളത്തിങ്ങൽ | 20000/- | 498644/17.4.14 |
| 18 | ശ്രീമതി.ശാരദ,കോട്ടപ്പറമ്പത്ത് | 20000/- | 498646/17.4.14 |
| 19 | ശ്രീമതി.വിജയകുമാരി,കോട്ടക്കുന്നുമ്മൽ | 20000/- | 498627/17.4.14 |
| 21 | ശ്രീമതി.ശ്രീജ,പറമ്പത്ത് | 20000/- | 498630/17.4.14 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ ഉൾപ്പെടെ നാളിതുവരെ മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിക്കുകയോ, ഭവന നിർമ്മാണം തുടരുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്ത് നടത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 3,00,000/- | തടത്തിൽ മീത്തൽ അങ്കണവാടി | 0 | 0 | വി പി എഫ് ജനറൽഫണ്ടിൽ നിക്ഷേപിച്ച തുക 31.03.2016 തിയ്യതിയിലെ ജി ഒ 3328/16 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടച്ചു. |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എസ് സി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 41500226 തീയതി- 18.03.2016 | 6,99,985/- | --- | 6,99,985/- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 50,000/-രൂപ വരവുണ്ട്. മുൻബാക്കി 42,99,881/--രൂപയിൽ

10,00,000/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് വായ്പ | 646/10 തീയതി- 25.02.2010 | 50,000/- | 42,99,881/- | 10,00,000/- | -- | 33,49,881/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,69,685/- |
| തൻവർഷം നിക്ഷേപിച്ച തുക | 1,54,313/- |
| ആകെ | 17,23,998/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 45,000/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,492,328/-(including interest) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്, അത്തോളി | 15,92,328/- |
| ആകെ | 15,92,328/- |

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2006-07 | 3-14 | 11929/- | ശ്രീ.ബാലചന്ദ്രാജി,റിട്ട എ ഇ | 11502900019/ 11.08.2015 |
| 2012-13 | 3-14 | 208293/- | സിഡ്കോ | 11505500022/ |

| | | | | |
|---|---|---|---|---|
| 2013-14 | | | | 25.08.2015 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന വയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 40 | 2003-04 | 3-11(പൊതു പരാമർശം) 1(12) | ക്ഷീരോൽപന്ന നിർമ്മാണ യൂനിറ്റ് പ്രവൃത്തിക്കുന്നില്ല. |
| 1999-00 | 27 | 2003-04 | -ടി- | നികുതി കാലഹരണപ്പെട്ടു. |
| 1999-00 | --- | 2003-04 | 3-11(മറ്റു പരാമർശങ്ങൾ) | കക്കൂസ് നിർമ്മാണം അപാകതകൾ<br>ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്- അധികം തുക നല്കിയത്.<br>വിഭവ ഭൂപടം-അപാകത<br>ഊർക്കടവ് ജലസേചനപദ്ധതി പൂർത്തിയാക്കാത്തത്. |
| 2001-02 | 3-3 | 2005-06 | 2.70.7(2) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. |
| 2001-02 | 3-1 | 2005-06 | 2.70.9(4) | പെൻഷൻ -ചട്ടങ്ങൾ പാലിക്കുന്നില്ല. |
| 2001-02 | 2-4 | 2005-06 | 2.70.10(2) | വെള്ളക്കരം സംബന്ധിച്ച അപാകത. |
| 2001-02 | 3-6 | 2005-06 | 2.70.12(1) | ഗ്രാമസഭ- യോഗം ചേരുന്നതിൽ കാലതാമസം. |
| 2001-02 | 2-1 | 2005-06 | 2.70.13(2) | നികുതി കാലഹരണപ്പെട്ടു |
| 2001-02 | -- | 2005-06 | 2.70.14(7) | നികുതി പിരിവിൽ അലംഭാവം. |
| 2002-03 | 2-1 | 2006-07 | 3.79.1(23) | നികുതി കാലഹരണപ്പെട്ടു |

| | | | | |
|---|---|---|---|---|
| 2002-03 | 2-3 | 2006-07 | 3.79.3(13) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. |
| 2002-03 | 2-4, 2-5, 2-6,2-7(a,b,c), 3-13, 3-15 | 2006-07 | 5.1.5(14) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. |
| പ്രവർത്തനാ വലോകനം ജല സ്രോതസ്സുകളുടെ സംര ക്ഷണവും കുടിവെള്ള പദ്ധതികളും | -- | 2013-14 | 5.1.5(4) | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല |
| -ടി- | -- | 2013-14 | 5.1.5(6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല |
| -ടി- | -- | 2013-14 | 5.1.5(10) | കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാ പഠനം നടത്താതെ കുടിവെള്ള പദ്ധതി ആരംഭിക്കുന്നു.<br>ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു.<br>പൂർത്തീകരിക്കാത്ത പദ്ധതികൾ |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവുചെയ്യുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 37017932/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63560791/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 14380/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 818558/- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2359489/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1000 | | ശ്രീ.എം എ റഷീദ്, സെക്രട്ടറി |
| 2-3 | 13380 | | |
| 3-1 | | 647023 | ശ്രീമതി.ബിസിനി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 17999 | |
| 3-3 | | 142426 | ശ്രീ.എം മധു, ഹെഡ് മാസ്റ്റർ |
| 3-6 | | 11110 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 33330 | ശ്രീ.എം മധു, ഹെഡ് മാസ്റ്റർ |
| 3-5 | 200000 | -ടി- |
| 3-6 | 11110 | -ടി- |
| 3-7 | 250000 | -ടി- |
| 3-9 | 797985 | ശ്രീ.എം എ റഷീദ്, സെക്രട്ടറി |
| 3-11 | 182064 | |
| 3-22 | 660000 | ശ്രീ.എം എ റഷീദ്, സെക്രട്ടറി |
| 3-24 | 225000 | ശ്രീമതി.എ എം ജയശ്രീ,ICDS സൂപ്പർ വൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിസിനി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | പനച്ചിങ്ങൽ വീട്<br>പള്ളിയോൾ<br>മാവൂർ പി ഒ |
| എം എ റഷീദ്, സെക്രട്ടറി | സെക്രട്ടറി<br>മാവൂർ ഗ്രാമപഞ്ചായത്ത് | ചെറിയേങ്ങൽ വീട്<br>എളേറ്റിൽ പി ഒ<br>കൊടുവള്ളി |
| എം മധു, ഹെഡ് മാസ്റ്റർ | | ചൈത്രം വീട്<br>പൊറ്റശ്ശേരി<br>മണാശ്ശേരി പി ഒ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | പി.3-1706(1)/13 തീയ്യതി:10.11.2011 | 1 |
| 1999-00 | പി.3-1706(2)/13 തീയ്യതി:10.11.2011 | 5 |
| 2000-01 | പി.3-1706(3)/13 തീയ്യതി:10.11.2011 | 2 |
| 2001-02 | പി.3-806/14(1)/14 തീയ്യതി:12.11.2014 | 6 |
| 2002-03 | പി.3-806/14(2)/14 തീയ്യതി:12.11.2014 | 13 |
| 2003-04 | പി.3-806/14(3)/14 തീയ്യതി:12.11.2014 | 3 |

| | | |
|---|---|---|
| 2004-05 | പി.3-806/14(4)/14 തീയ്യതി:12.11.2014 | 5 |
| 2006-07 | പി.3-1733/11(10) തീയ്യതി : 10.11.2011 | 16 |
| 2007-08 | പി.3-1733/11(11) തീയ്യതി : 10.11.2011 | 10 |
| 2008-09 | പി.3-1733/11(12) തീയ്യതി : 10.11.2011 | 32 |
| 2009-10 &2010-11 | പി.3-988/13 തീയ്യതി : 13.11.2013 | 14 |
| 2011-12 | പി.3-1225/14 തീയ്യതി : 09.10.2014 | 19 |
| 2013-14 & 2014-15 | പി.3-1243/15 തീയ്യതി : 17.10.2015 | 31 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി3/71/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 27-01-2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P 3/71/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 27-01-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mavoor Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mavoor Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department,

District Audit Office, Kozhikode.